## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.357 — 07.08.2017 ൽ മറുപടിയ്ക്ക്

### വിലക്കയറ്റമില്ലാത്ത ഓണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ മന്ത്രി) |
| (എ) വിലക്കയറ്റമില്ലാത്ത ഓണം ആഘോഷിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; | (എ) ഓണക്കാലത്ത് ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രണത്തിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായ കൃത്രിമ മാർഗ്ഗങ്ങളിലൂടെ വിലക്കയറ്റം ഉണ്ടാക്കുന്ന പ്രവണത തടയുന്നതിനുമായി സപ്ലൈകോ കൂടുതൽ ഫെയറുകളും ഓണച്ചന്തകളും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകൾ പഞ്ചായത്തിന്റെ സഹകരണത്തോടെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഓണ ചന്തകളിലൂടെ പൊതുവിപണിയിലേതിനേക്കാൾ ശരാശരി 40% വരെ വിലക്കുറവിൽ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളും, 20 മുതൽ 30% വരെ വിലക്കുറവിൽ സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളും, മാർക്കറ്റ് വിലയേക്കാൾ/ MRP യേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) പച്ചക്കറിക്കും പലവ്യഞ്ജനങ്ങൾക്കും അമിതമായി വില വർദ്ധിച്ചത് സാധാരണക്കാരുടെ കുടുംബ ബഡ്ജറ്റിനെ സാരമായി ബാധിച്ചിട്ടുണ്ടോ; | (ബി) പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ശരാശരി 40% വിലക്കുറവിലും തേയില, കാപ്പി, മസാലപ്പൊടികൾ, വാളൻപുളി തുടങ്ങിയ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതുവിപണിയേക്കാൾ 20% വരെ വിലക്കുറവിലും FMCG (Fast Moving Consumer Goods) ഇനങ്ങൾ 5 മുതൽ 30% വരെ വിലക്കുറവിലും വിതരണം ചെയ്യുന്നു. എല്ലാ നിത്യോപയോഗ സാധനങ്ങളും ആവശ്യമായ |

അളവിൽ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനാൽ വില വർദ്ധനവ് സാധാരണക്കാരുടെ കുടുംബ ബഡ്ജറ്റിനെ സാരമായി ബാധിച്ചിട്ടില്ല.

(സി) കുത്തനെ ഉയരുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ കമ്പോളത്തിൽ പ്രതിഫലിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

(സി) അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം. കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ ഉൽപാദക സംസ്ഥാനങ്ങളിൽ ഉൽപാദനം കുറഞ്ഞതുമൂലം നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടാകാറുണ്ട്. ഈ പ്രതികൂല സാഹചര്യങ്ങളിലും സബ്സിഡി വിലകളിൽ സ്ഥിരത ഉറപ്പാക്കിക്കൊണ്ട്, വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സാധ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ